# വാർഡ്തല ജലസമിതികൾ രൂപീകരിക്കണം

ടി.എൻ.എൻ. ഭട്ടതിരിപ്പാട്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ പഞ്ചായത്തീരാജ് സംവിധാനങ്ങളിൽ പുതിയ അംഗങ്ങൾ ചുമതലയേറ്റ് അധികാരകസേരകളിൽ വന്നുവല്ലോ. കാലവർഷം കഴിഞ്ഞ് തുലാവർഷവും ആരംഭിച്ചു. ഇപ്പോൾ കടിവെള്ളം രൂക്ഷമായ പ്രശ്നമല്ലെങ്കിലും താമസിയാതെ പ്രശ്നം പലേടത്തും തലപൊക്കും.

ഇത്തരുണത്തിൽ കടിവെള്ളപ്രശ്നം രൂക്ഷമാകാനിടയുള്ള മദ്ധ്യകേരളത്തിലെ ഭാരതപ്പുഴ താഴ് രയിലെ പദ്ധതികളെപ്പറ്റി ഒന്നു പര്യാലോചിക്കുന്നത് സമുചിതമായിരിക്കുമെന്ന് കരുതുന്നു. കേരള ജല അതോറിട്ടിയുടെ അന്വേഷണാസൂത്രണവിഭാഗം പര്യാപ്തമായ നദീജല ഉറവിടങ്ങളെ ആധാരമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിരവധി സമഗ്രജലവിതരണപദ്ധതികൾക്ക് രൂപകല്പന തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികളിൽ പലതിനും ഭരണാനുമതിയും സാമ്പത്തികവിഹിതവും കേന്ദ്രഗ്രാമവികസനവകപ്പിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പരിതാപകരമായ അവസ്ഥ എന്താണെന്നുവെച്ചാൽ പുതുതായി അധികാരത്തിൽ വന്ന പഞ്ചായത്തീരാജ് ഭരണസമിതികൾക്ക് ജലവിതരണ ആസൂത്രണത്തെ സംബന്ധിച്ചോ നിർവ്വഹണത്തെ സംബന്ധിച്ചോ വ്യക്തമായ ധാരണയില്ലെന്നുള്ളതാണ്. അവർ കാര്യവിവരമില്ലാഞ്ഞിട്ടായിരിക്കാം പലപ്പോഴും സംശയാസ്പദമായ ഉറവിടങ്ങളിൽ നിന്ന് വേനലിൽ പ്രവർത്തനക്ഷമമല്ലാത്ത കടിവെള്ള പദ്ധതി ആഭാസങ്ങളിലാണ് അവരുടെ ശ്രദ്ധ. സാമ്പത്തികവിഹിതം ഏതു വിധേനയേയും ചിലവഴിച്ച് അതുവഴി ലഭിക്കുന്ന അനർഹമായ ധനസമ്പാദനത്തിൽ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധ. പദ്ധതിയുടെ ലക്ഷ്യത്തിൽ അവർക്കു താല്പര്യമില്ല. അവിഹിതമായ ധനസമ്പാദനം ഒന്നിൽ മാത്രമാണ് താല്പര്യം. ഈ അവിഹിതമായ ധനദുർവ്യയത്തിന് പുതിയ ഭരണസമിതികൾ കൂട്ടുനിൽക്കുമോ?

മദ്ധ്യകേരളത്തിൽ ഇക്കുറി കാലവർഷം 30 ശതമാനത്തിലേറെ താഴെയേ ലഭിച്ചിട്ടുള്ളൂ. ഇത് വരും വേനലിലെ വരൾച്ചയുടെ മുന്നോടിയായിട്ടാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം കാണുന്നത്. ജല അതോറിട്ടിയുടെ അന്വേഷണാസൂത്രണവിഭാഗം ഭാരതപ്പുഴ ഉറവിടമായി കുറേയേറെ പദ്ധതികൾക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ പലതിനും ഭരണാനുമതിയും സാങ്കേതികാനുമതിയും സാമ്പത്തികവിഹിതവും ലഭ്യമായിട്ടുണ്ട്.

പക്ഷേ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ജനകീയാസൂത്രണത്തിലോ ജലപദ്ധതി ആസൂത്രണത്തിലോ ലവലേശം താല്പര്യമില്ല. അവരുയർത്തുന്ന മുദ്രാവാക്യം "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്നുള്ള ആശയം തന്നെയാണ്.

പദ്ധതി നിർവ്വഹണത്തിൽ രാസത്വരകങ്ങളായി വർത്തിക്കേണ്ട പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഇനി എന്നാണ് വകതിരിവുണ്ടാവുക. വാർഡ് തല ജലസമിതികൾ രൂപീകരിച്ച് ജനങ്ങളുടെ വിശ്വാസ്യത നേടുകയല്ലേ ന്യായമായും കൈക്കൊള്ളേണ്ട മാർഗ്ഗം. പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ കടുത്ത എതിർപ്പും സർക്കാരിന്റെ നിഷേധാത്മക സമീപനവും നിമിത്തമാണ് വാർഡ്തല ജലസമിതികൾ ഇതുവരെ രൂപീകൃതമാകാത്തത്. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളും എതിർപ്പു തുടരുകയാണ്.

കേരളത്തിൽ ജലവിഷയത്തിൽ പുരോഗതി വേണമെങ്കിൽ ആദ്യത്തെ ഉപാധിയാണ് "വാർഡുതല സമിതികൾ". ഇതിനു തുടർച്ചയായി ബ്ളോക്ക്, ജില്ലാ, സംസ്ഥാനജല സമിതികളും രൂപീകൃതമാകണം. ജലപദ്ധതികൾ ജലസമിതികളുടെ നിരന്തരാവലോകനത്തിനു വിഷയീഭവിക്കണം. എങ്കിൽ മാത്രമേ ജല അതോറിട്ടിയുടേയും ജലസേചനവകുപ്പിന്റേയും മെല്ലെപ്പോക്കിനും കെടുകാര്യസ്ഥതയ്ക്കും പരിഹാരമാകൂ.